# 10

# മനസിലാക്കലിനും, ശക്തിക്കും, നിറവിനും വേണ്ടിയുള്ള പ്രാർത്ഥന

## (3:14- 21)

ജാതികളോടുള്ള തന്റെ ശുശ്രൂഷയെ വിചാരിച്ചും, സഭയുടെ പങ്ക് ദൈവീകോദ്ദേശത്തിൽ നിറവേറ്റുന്നതിനും ക്രിസ്തുവിന്റെ സന്ദേശം കേട്ട് സ്വീകരിച്ചവർ ദൈവത്തോടുള്ള പ്രവേശനം ആസ്വദിക്കുന്നതിനും പൗലൊസ് ദൈവത്തോട് അപേക്ഷിച്ചു.

### ആമുഖം (3:14, 15)

**[14]അതു നിമിത്തം ഞാൻ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബത്തിനും പേർ വരുവാൻ കാരണമായ [15]പിതാവിന്റെ സന്നിധിയിൽ മുട്ടുകുത്തുന്നു.**

**വാക്യം 14.** വെളിപ്പാടായി തീർന്ന മർമ്മത്തിന്റെ ഉദ്ദേശം നിറവേറുവാൻ പ്രാർത്ഥനക്കുത്തരം നൽകേണ്ടത് അനിവാര്യമായിരുന്നു. അതായത് എഫേസ്യയിലുള്ള ക്രിസ്ത്യാനികൾക്ക് ദൈവത്തിന്റെ ശക്തിയും നടത്തിപ്പും ലഭിച്ച് അവർ സഭയായി നിലനിൽക്കുവാൻ ദൈവം ആഗ്രഹിച്ചു. **അതു നിമിത്തം** എന്നു പറയുന്നത് ശുശ്രൂഷയെക്കുറിച്ചു പൗലൊസ് പറഞ്ഞതെല്ലാം എന്നാണ്, അതേ വാക്ക് വാക്യം 1 ലും കാണാം. ഇവിടത്തെപോലെ, അവിടെയും, ദൈവ പദ്ധതിയിൽ പങ്കുകാരാകുന്നവർക്ക് ദൈവം നൽകുന്ന വലിയ നേട്ടങ്ങളെയാണ് പൗലൊസ് സംസാരിച്ചത്. 3:14–21–ൽ പ്രാർത്ഥിക്കുന്നത് സഭ ദൈവത്താൽ-നൽകിയ ദൗത്യം നിറവേറ്റുവാനുള്ള ശക്തിക്കായിട്ടാണ്.

**ഞാൻ മുട്ടു കുത്തുന്നു** എന്ന പ്രയോഗം താഴ്മയും ആശ്രയവും കാണിക്കുന്നതാണ്. ഹൃദയ മനോഭാവത്തോളം പ്രാധാന്യമുള്ളതല്ല പ്രാർത്ഥിക്കുമ്പോൾ, ശരീരത്തിന്റെ അവസ്ഥ എന്നു കരുതപ്പെടുന്നു. ബൈബിളിൽ വിവിധ അവസ്ഥയിൽ പ്രാർത്ഥിച്ചിരുന്നതായി പറയുന്നു, ഉദാഹരണമായി നിന്നുകൊണ്ട് പ്രാർത്ഥിച്ചിരുന്നു (മർ. 11:25; ലൂക്കൊ. 18:11, 13), മുട്ടുകുത്തിയും (1 രാജാ. 8:54; ദാനി. 6:10; ലൂക്കൊ. 22:41; പ്രവൃ. 7:60; 20:36; 21:5), സാഷ്ടാംഗം വീണും പ്രാർത്ഥിച്ചിരുന്നു (മത്താ. 26:39).

**സന്നിധിയിൽ** എന്നത് തർജ്ജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് പ്രിപ്പൊസിഷൻ (*പ്രോസ്*), അതിനർത്ഥം "*അക്ഷരീകവും മാസനീകവുമായ ദിശ.*"[1] അവൻ അഭിമുഖീകരിച്ചത് **പിതാവി**നെയായിരുന്നു. അതേ പ്രിപ്പൊസിഷനാണ് യോഹന്നാൻ 1:1-ൽ ഉപയോഗിച്ചിരിക്കുന്നത്, അവിടെ യേശു പറഞ്ഞിരിക്കുന്നത് "ദൈവത്തോടുകൂടെ" എന്നാണ്. എഫേസ്യ ലേഖനത്തിൽ അസംഖ്യം

ഭാഗത്ത്, ദൈവത്തെ “പിതാവ്” എന്നാണ് പറഞ്ഞിരിക്കുന്നത് (1:2, 3, 17; 2:18; 4:6; 5:20; 6:23). യേശുക്രിസ്തുവിന്റെ പിതാവായ ദൈവം, പൗലൊസിന്റെയും, എഫേസ്യയിലെ ക്രിസ്ത്യാനികളുടേയും പിതാവായിരുന്നു.

**വാക്യം 15. സ്വർഗ്ഗത്തിലേയും ഭൂമിയിലേയും** ആളുകൾക്ക് ഒരു **കുടുംബ ബന്ധം** ലഭിക്കുന്നത് ദൈവത്തിൽ നിന്നാണ്. എല്ലാവരും “ദൈവത്തിന്റെ സന്താനങ്ങൾ ആണ്” എന്ന വിശാലമായ അർത്ഥത്തിൽ യെഹൂദന്മാരേയും ജാതികളേയും സ്വർഗ്ഗത്തിലെ ദൂതന്മാരേയും ഉൾപ്പെടുത്തി പറയുന്നതാകാം. (പ്രവൃ. 17:28 നോക്കുക). കർശനമായ അർത്ഥത്തിൽ നാം മനസിലാക്കുന്നത്, ക്രിസ്ത്യാനികൾ മാത്രമാണ് ദൈവത്തിന്റെ ഭവനം എന്നാണ്. എല്ലാവരുടേയും വീണ്ടെടുപ്പുകാരനും, കർത്താവും, സൃഷ്ടി കർത്താവുമായ ദൈവത്തോടാണ് പൗലൊസ് പ്രാർത്ഥിച്ചത്.

## ആത്മാവിന്റെ ശക്തിക്കും ക്രിസ്തുവിനും വേണ്ടിയുള്ള യാചന (3:16,17)

**16 അവൻ തന്റെ മഹത്വത്തിന്റെ ധനത്തിനു ഒത്തവണ്ണം അവന്റെ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ചു ശക്തിയോടെ ബലപ്പെടേണ്ടതിനും 17 ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനും വരം നൽകേണം.**

**വാക്യങ്ങൾ 16, 17.** എഫേസ്യർക്കുവേണ്ടി പൗലൊസ് മൂന്നു യാചനകളാണ് നടത്തിയത്. ഓരോ യാചനയും തുടങ്ങുന്നത് സംയോജനത്തോടെയാണ് (*ഹിനാ*, **അത്**), അന്തർലീനമാക്കിയത് “*ഉദ്ദേശം, രൂപകല്പന, ഫലം.*”[2] പൗലൊസിന്റെ പ്രാർത്ഥനക്ക് മൂന്ന് ഉദ്ദേശങ്ങൾ ഉണ്ടായിരുന്നു, അത് അവന്റെ ആവശ്യങ്ങളിൽ അന്തർലീനമാക്കിയിരുന്നു. തന്റെ **മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം** ആവശ്യങ്ങൾക്ക് ഉത്തരം നൽകുവാനായിരുന്നു അവൻ ദൈവത്തോട് യാചിച്ചത്. ആ വാക്കുകൾ അവന്റെ 1:17, 18 ലെ ആദ്യത്തെ പ്രാർത്ഥനയിൽ, മഹത്വത്തിന്റെ പിതാവ് എഫേസ്യർക്ക് ചില അനുഗ്രഹങ്ങൾ “നൽകുവാൻ” ആയിരുന്നു പ്രാർത്ഥിച്ചത്. നമുക്കു മുമ്പുള്ള വേദഭാഗത്തിൽ “നൽകുക” എന്നതിനു പകരം പൗലൊസ് ഉപയോഗിച്ചത് “സഹായ ധനം” എന്നാണ്; എന്നാൽ രണ്ടിലും “മഹത്വം” എന്ന് ഉപയോഗിച്ചിരിക്കുന്നു. “അവന്റെ മഹത്വത്തിന്റെ ധനം” എന്ന് പൗലൊസ് പറയുന്നത് ദൈവ ശക്തിയുടെ സമൃദ്ധിയെയാണ്. അതേ പ്രയോഗങ്ങൾ റോമർ 9:23 ലും, ഫിലിപ്പിയർ 4:19 ലും, കൊലൊ. 1:27 ലും കാണാം. “ക്രിസ്തുവിനെ മരിച്ചവരിൽ നിന്നും പിതാവിന്റെ മഹത്വത്താൽ ഉയർപ്പിച്ചു” എന്നു അവൻ പറഞ്ഞപ്പോൾ, “മഹത്വം” എന്നത് സൂചിപ്പിക്കുന്നത് “ശക്തി” ആയിട്ടാണ്. എഫെസ്യർ 1:19, 20-ൽ, ക്രിസ്തു ദൈവത്തിന്റെ ശക്തിയാൽ ഉയർത്തെഴുന്നേറ്റു എന്നാണ് അവൻ പറഞ്ഞത്.

ദൈവത്തിന്റെ പരിധിയില്ലാത്ത **ശക്തി** ആത്മാവു മുഖാന്തരം എഫേസ്യരെ ആന്തരികമായി **ശക്തിപ്പെടുത്തു**വാനും, അങ്ങനെ വാക്യം 10 ലും 11 ലും പറഞ്ഞ ദൗത്യ നിർവ്വഹണത്തിനും വേണ്ടിയായിരുന്നു അവൻ പ്രാർത്ഥിച്ചത്. പൗലൊസ് പ്രാർത്ഥിച്ച ശക്തി ലഭിക്കുന്നത് **പരിശുദ്ധാത്മാവിനാലായിരുന്നു,** വരുവാനുള്ള ലോകത്തിലെ സകല അവകാശങ്ങളും അവർക്ക് പരിശുദ്ധാത്മാ

വിന്റെ മുദ്രയാൽ ഉറപ്പാക്കിയിരുന്നു (1:13, 14). ആത്മാവ് വഴിയാണ് ദൈവം സഭയിൽ സന്നിഹിതനാകുന്നത് (2:22). **ആന്തരിക മനുഷ്യൻ** എന്ന് തിരിച്ചറിയിക്കുന്നത് ക്രിസ്ത്യാനിക്ക് ദൈവത്തോടുള്ള ബന്ധത്തെയാണ്. "ദൈവത്തിന്റെ പ്രമാണത്തിൽ രസിക്കുവാൻ" നമ്മെ സഹായിക്കുന്ന ഭാഗമാണ് അത് (റോമർ 7:22; എൻ ഐവി), "മനസ് പുതുക്കി രൂപാന്തരപ്പെടുന്നതും" ആ ഭാഗമാണ് (റോമർ 12:2), "ദിവസവും പുതുക്കം പ്രാപിക്കുന്നതും" ആ ഭാഗം തന്നെ (2 കൊ. 4:16). "ആന്തരിക മനുഷ്യനാണ്" "ആത്മാവിനാൽ പുതുക്കം പ്രാപിക്കുന്ന" ക്രിസ്തുവിൽ ദൈവത്തിന്റെ പുതിയ സൃഷ്ടിയായി തീരുന്നത് (എഫെ. 4:23, 24; 2 കൊ. 5:17 നോക്കുക). ആ ആത്മികമായ ഭാഗമാണ് ദൈവാനുരൂപമായി വളരുന്നത് (കൊലൊ. 3:10), സഭയ്ക്ക് ദൈവം രൂപപ്പെടുത്തിയ ചുമതല നിർവ്വഹിക്കുവാൻ ശക്തി ആവശ്യമാണ്.

പൗലൊസ് തന്റെ ആദ്യ യാചന തുടരുന്നു: ആത്മാവിനാൽ എഫെസ്യരുടെ ആന്തിക മനുഷ്യൻ ശക്തി പ്രാപിക്കേണ്ടതിനും, **അങ്ങനെ ക്രിസ്തു** [അവരുടെ] **ഉള്ളിൽ വസിക്കേ**[ണ്ടതിനു]മായിരുന്നു അവൻ അപേക്ഷിച്ചത്. "വസിക്കുക" എന്ന വാക്ക് (*കാറ്റോയികെയോ*) രണ്ട് വാക്കുകൾ യോജിക്കുന്നതാണ്, (*ഓയികെയോ*, "ഒരു വീട്ടിൽ താമസിക്കുക") എന്നും (*കോറ്റാ*, "ഡൗൺ"), അർത്ഥം, "ടു സെറ്റിൽ, ഡൗൺ, വീട്ടിലായിരിക്കുക"[3] എന്നുമാണ്. നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കുന്നത് ക്രിസ്തു ആണെന്നും, "ആന്തരിക മനുഷ്യൻ" എന്നു പറയുന്നത് ആത്മാവാണെന്നും പൗലൊസ് പറഞ്ഞു. "ചിന്തയുടേയും, വികാരത്തിന്റേയും, മനസിന്റേയും കേന്ദ്രമാണ് ഹൃദയം,"[4] അതാണ് "ആന്തരിക മനുഷ്യൻ." ക്രിസ്ത്യാനിയുടെ ഉള്ളിൽ ആത്മാവ് വസിക്കുന്നതിനാൽ, ക്രിസ്തു നമ്മുടെ "ഹൃദയങ്ങളിൽ" വസിക്കുന്നു. ഒരാളിൽ ഒന്നു വരുമ്പോൾ, മറ്റൊന്നു കൂടെ വരുന്നു. സഭ എന്നത് "ദൈവം ആത്മാവിൽ വസിക്കുന്ന സ്ഥാനമായി പൗലൊസ് പറയുകയുണ്ടായി" (2:22). ആകയാൽ ദൈവവും, ക്രിസ്തുവും, പരിശുദ്ധാത്മാവും വസിക്കുന്ന ആളുകളുടെ കൂട്ടമാണ് സഭ. വസിക്കുന്ന ആത്മാവിന്റെ ശക്തിയാൽ ക്രിസ്തുവിന്റെ സ്വഭാവം വരുന്നതാണ് ക്രിസ്തീയ ജീവിതത്തിന്റെ മികവിന്റെ മുദ്ര.[5]

**വിശ്വാസത്താലാണ്** ക്രിസ്തു നമ്മുടെ ഹൃദയങ്ങളിൽ വസിക്കുന്നത്. ആത്മാവിനാൽ ശക്തിപ്പെടുന്നു എന്നും ക്രിസ്തു തന്റെ ഉള്ളിൽ വസിക്കുന്നു എന്നും ഒരു ക്രിസ്ത്യാനിക്ക് എങ്ങനെ അറിയാം? വിശ്വാസത്താൽ അവൻ അറിയുന്നു. അങ്ങനെ സംഭവിക്കുമെന്ന് ദൈവം പറഞ്ഞിരിക്കുകയും, അതിന് അവൻ അനുവദിക്കുകയും ചെയ്യുന്നു എന്നതിനാൽ അവൻ ആ സത്യം സ്വീകരിക്കുന്നു. എഫെസ്യർക്ക് രക്ഷ ലഭിക്കുവാനുള്ള പ്രധാന ഘടകമായിരുന്നു വിശ്വാസവും (2:8), ദൈവത്തിങ്കലേക്കുള്ള പ്രവേശനവും (3:12). ക്രിസ്തു അവരുടെ ഹൃദയങ്ങളിൽ വസിക്കുന്നത് യാഥാർത്ഥ്യമായതും വിശ്വാസത്തിലുമായിരുന്നു. സഭയുടെ ദൗത്യ നിർവ്വഹണത്തിന് ആവശ്യമായ ശക്തി അവരിൽ വസിക്കുന്ന ആത്മാവും ക്രിസ്തുവും നൽകുമെന്ന് അംഗങ്ങൾ വിശ്വാസത്താൽ അംഗീകരിക്കേണ്ടിയിരുന്നു.

## ക്രിസ്തുവിന്റെ സ്നേഹം ഗ്രഹിക്കുവാനുള്ള യാചന (3:17-19)

**17ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേ**

**ണ്ടതിന്നും വരം നൽകേണമെന്നും നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി [18]വീതിയും, നീളവും, ഉയരവും, ആഴവും എന്ത് എന്നു സകല വിശുദ്ധന്മാരോടുംകൂടെ ഗ്രഹിപ്പാനും [19]പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻ സ്നേഹത്തെ അറിയുവാനും പ്രാപ്തരാകയും ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞു വരികയും വേണമെന്നും പ്രാർത്ഥിക്കുന്നു.**

**വാക്യങ്ങൾ 17-19**. സംയോജന വാക്കായ *ഹിനാ* (**അത്**) പരിചയപ്പെടുത്തിയായിരുന്നു പൗലൊസിന്റെ രണ്ടാമത്തെ യാചന. **വേരൂന്നുക** എന്നാൽ ഭദ്രമായി **നടുക** എന്നാണർത്ഥം, അടിസ്ഥാനപ്പെട്ടവരായി എന്നത് "അടിസ്ഥാനത്തെ"[6] ആണ് സൂചിപ്പിക്കുന്നത്, അതിന്മേലാണ് ശേഷിച്ച ജീവിതം നയിക്കേണ്ടത്. ക്രിസ്ത്യാനികൾക്ക് നടുവാനുള്ള മണ്ണും പണിയുവാനുള്ള അടിസ്ഥാനവും **സ്നേഹം** ആണ്. കൊലൊസ്യർക്ക് ലേഖനം എഴുതിയപ്പോൾ, പൗലൊസ് അതേ പ്രസ്താവന നടത്തിയിട്ടുണ്ട്, അവിടെ പറയുന്നത്, വിശ്വാസികൾ "അവനിൽ വേരൂന്നി ... ക്രിസ്തുവിൽ പണിയപ്പെടുന്നു" (കൊലൊ. 2:7). സ്നേഹത്തിന്റെ ഉറവിടം തന്നെ ക്രിസ്തുവാണ്.

ആ ക്രിസ്ത്യാനികൾക്ക് **മനസിലാക്കുവാൻ കഴിയേണ്ടതിനു** (*കാറ്റാലാമ്പനോ*) എന്തെങ്കിലും-അതായത്, "നിർത്തുവാൻ, പിടിച്ചുകൊൾവാൻ, *താൽപര്യത്തോടുകൂടെ ... മനസിൽ* സൂക്ഷിക്കുവാൻ ... *ചില സത്യം ഗ്രഹിക്കുവാനായിരുന്നു*"[7] പൗലൊസ് പ്രാർത്ഥിച്ചത്. എഫെസ്യർ മനസിലാക്കേണ്ടിയിരുന്നതിനെ കുറിച്ച് വ്യാഖ്യാതാക്കൾ വിവിധ കാര്യങ്ങൾ പറഞ്ഞിരിക്കുന്നു.[8] എങ്ങനെയായാലും, അവർ സ്നേഹത്താലാണ് തങ്ങളുടെ ദൗത്യം നിർവ്വഹിക്കേണ്ടത് എന്നതായിരുന്നു പൗലൊസ് ആഗ്രഹിച്ചത്. വാക്യം 17-ൽ, അവർ "സ്നേഹത്തിൽ വേരൂന്നി വളരുവാനായി" അവൻ ആഗ്രഹിച്ചിരുന്നതായി പറയുന്നു. അവർ "ക്രിസ്തുവിന്റെ സ്നേഹത്തെ" അറിയണമെന്ന് അവൻ ആഗ്രഹിച്ചിരുന്നതായി വാക്യം 19-ൽ പറയുന്നു. അവരിൽ വസിച്ചിരുന്ന ആത്മാവും ക്രിസ്തുവുമായിരുന്നു അവരുടെ ദൗത്യനിർവ്വഹണ ശക്തി. ദൗത്യനിർവ്വഹണത്തിന് അവരെ പ്രേരിപ്പിച്ചതു സ്നേഹവുമായിരുന്നു. ശരിയായത് ചെയ്യുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്, കുറ്റബോധമോ, ഭയമോ, ആദരിക്കപ്പെടുവാനുള്ള വാഞ്ഛയോ അല്ല, മറിച്ച് സ്നേഹമാണ്. ഈ വേദഭാഗത്ത്, ദൈവിക സ്നേഹത്തിന്റെ നാല് ദിശകളാണ് പൗലൊസ് പറയുന്നത്:

**വീതി**. മനുഷ്യവർഗത്തേക്കാൾ വിശാലമാണ് ദൈവിക സ്നേഹം. ആരെയും പുറത്താക്കിയിട്ടില്ല.

**നീളം**. ദൈവിക സ്നേഹം എവിടെ വരെ എത്തുമെന്നതിന് പരിമിതിയില്ല.

**ഉയരം**. ദൈവിക സ്നേഹം ക്രിസ്ത്യാനിയെ ദൈവഭവനത്തോളം ഉയർത്തുകയും സ്വർഗ്ഗീയ പ്രത്യാശ നൽകുകയും ചെയ്യുന്നു.

**ആഴം**. നഷ്ടപ്പെട്ട അവസ്ഥ മാറ്റുവാൻ പാപത്തിന്റെ അഗാധമായ അവസ്ഥയിലേക്ക് ഇറങ്ങി ചെല്ലുന്നതാണ് ദൈവിക സ്നേഹം.

എഫെസ്യയിലുള്ള ക്രിസ്ത്യാനികൾക്ക് ദൈവിക സ്നേഹത്തിന്റെ അളവ്-മനസിലാക്കുവാൻ കഴിഞ്ഞാൽ-പിന്നെ അവർക്ക് സ്നേഹത്താൽ (ക്രിസ്തുവിന് അവരോടുള്ള സ്നേഹവും ക്രിസ്തുവിനു വേണ്ടിയുള്ള അവ

രുടെ സ്നേഹവും) സഭയെ സംബന്ധിച്ച ദൈവത്തിന്റെ ഉദ്ദേശം അവർ നിറവേറ്റും. അവർ **ക്രിസ്തുവിന്റെ സ്നേഹത്തെ അറിയണമെന്ന്** പൗലൊസ് ആഗ്രഹിച്ചു. "അറിയുക" എന്ന വാക്ക് *ഗോസിസു*മായി ബന്ധപ്പെട്ടിരിക്കുന്നു, അതിന് "അംഗീകാരം, ... അറിവ്, അല്ലെങ്കിൽ മനസിലാക്കൽ"[9] എന്നീ അർത്ഥങ്ങളാണുള്ളത്. ക്രിസ്തുവിന്റെ സ്നേഹത്തെ കുറിച്ച് അവർ ശ്രേഷ്ടമായി മനസിലാക്കണമെന്ന് പൗലൊസ് ആഗ്രഹിച്ചു. ദൈവസ്നേഹവും ക്രിസ്തുവിന് നമ്മോടുള്ള സ്നേഹവും "ഒരു നാണയത്തിന്റെ രണ്ട് വശങ്ങളായിട്ടാണ്"[10] പൗലൊസ് അവതരിപ്പിച്ചത്. റോമർ 8:35-ൽ അവൻ ചോദിച്ചു, "ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് നമ്മെ വേർപിരിക്കുന്നത് ആർ?" "നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽനിന്നു നമ്മെ വേർപിരിക്കുന്നതായി ഒന്നുമില്ല" എന്ന് അവൻ ഉത്തരവും നൽകി (വാ. 39). ദൈവത്തിന്റെ മഹാ സ്നേഹത്തെ കുറിച്ച് പൗലൊസ് മുൻപ് പറയുകയുണ്ടായി (എഫെ. 2:4), പിന്നെ അവൻ ഊന്നി പറഞ്ഞത്, "ക്രിസ്തു നിങ്ങളേയും സ്നേഹിച്ചു" എന്നാണ് (5:2). ദൈവസ്നേഹവും ക്രിസ്തുവിന്റെ സ്നേഹവും വേർതിരിക്കുവാൻ സാധ്യമല്ല എന്ന് അവൻ നമുക്ക് കാണിച്ചു തന്നിരിക്കുന്നു.

എഫെസ്യർ ക്രിസ്തുവിന്റെ സ്നേഹം അറിയുവാനായി പൗലൊസ് അവർക്കായി പ്രാർത്ഥിച്ചു, എന്നിട്ട് **പരിജ്ഞാനത്തെ കവിയുന്ന** എന്ന് പെട്ടെന്ന് കൂട്ടിച്ചേർക്കുകയും ചെയ്തു. ദൈവികസ്നേഹത്തിന്റെ സത്യത്തെ കുറിച്ച് നാം ചിന്തിച്ചാൽ ഒരളവുവരെ അതിന്റെ "വീതിയും നീളവും, ഉയരവും ആഴവും" നമുക്ക് മനസിലാക്കുവാൻ കഴിയും; പക്ഷെ അതു മുഴുവൻ മനസിലാക്കുക എന്നത് മനുഷ്യരാൽ അസാധ്യമാണ്. "കവിയുന്ന" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് അപൂർണ്ണ ക്രിയാരൂപമാണ് (*ഹൂപ്പർബല്ലോ*) ആണ്, അതിനർത്ഥം "മുകളിലേക്ക് എറിയുക, അല്ലെങ്കിൽ ഉയർത്തുന്ന, കവിയുന്ന, അത്യന്തം"[11] എന്നിങ്ങനെയാണ്. നാം അറിയുവാൻ ആഗ്രഹിക്കുന്ന ക്രിസ്തുവിന്റെ സ്നേഹം നമ്മുടെ മുഴുവൻ അറിവിനും അപ്പുറമാണ്. അത് "മനഷ്യ മനസുകൊണ്ട് അളക്കുവാനോ മനസിലാക്കുവാനോ കഴിയാത്തത്ര ഉയരത്തിലും ആഴത്തിലുമുള്ളതാണ്."[12]

## ദൈവത്തിന്റെ നിറവിനായുള്ള
## യാചന (3:19)

**[19]പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിവാനും പ്രാപ്തരാകയും ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞു വരികയും വേണം എന്നും പ്രാർത്ഥിക്കുന്നു.**

**വാക്യം 19.** ഈ ഭാഗത്ത് പൗലൊസ് എഫെസ്യർക്ക് വേണ്ടി പ്രാർത്ഥിക്കുമ്പോഴും, *ഹിനാ* (**അത്**) ഉപയോഗിച്ചിരിക്കുന്നതായി കാണാം. വാക്യത്തിലെ ആ ഭാഗത്തിന്റെ അക്ഷരികമായ തർജിമ ഇങ്ങനെ വായിക്കാം "ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞു വരേണ്ടതിന്ന്." നാം ദൈവത്തിന്റെ അനുഗ്രഹങ്ങളോട് പറ്റിച്ചേരുമ്പോൾ ലഭിക്കുന്നത് എന്നാണ് വ്യാകരണം വ്യക്തമാക്കുന്നത്. "ങലേക്ക്" (*എയിസ്*) എന്നത് ക്രിസ്തീയ ജീവിതത്തിൽ **ദൈവത്തിന്റെ നിറവിനാൽ നിറയേണ്ട** ലക്ഷ്യത്തെ, അഥവാ ഉദ്ദേശത്തെയാണ് കാണിക്കുന്നത്. തന്റെ കൃപയാൽ ദൈവം തരുന്ന ദാനങ്ങളെ മാത്രമല്ല ആ പ്രയോഗം അർത്ഥ

മാക്കുന്നത്, മറിച്ച് ദൈവത്തിനുള്ളതെല്ലാമെന്നാണ്. ക്രിസ്ത്യാനിയിൽ ദൈവം തന്നെ നിറയേണമെന്നായിരുന്നു പൗലൊസിന്റെ പ്രാർത്ഥന.

ദൈവത്തിന്റെ പദ്ധതിയും ഉദ്ദേശവും സഭ മുഖാന്തരം അറിയിക്കേണ്ട തിന്ന് എഫെസ്യരെ രൂപപ്പെടുത്തുവാനായിരുന്നു പൗലൊസ് അവർക്കായി മൂന്നു യാചനകൾ നടത്തിയത്. അവർ ദൈവസ്നേഹത്താൽ പ്രചോദിതരാകുകയും അവരുടെ ജീവിതത്തിൽ ദൈവസ്വഭാവം കാണിക്കുകയും ചെയ്യുക എന്ന ലക്ഷ്യം ഉണ്ടായാൽ അവൻ അവരെ വിജയിക്കുവാൻ ശക്തിപ്പെടുത്തും.

## പുകഴ്ച്ച (3:20, 21)

**[20]എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവന്ന് [21]സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറതലമുറയായും മഹത്വം ഉണ്ടാകട്ടെ. ആമേൻ.**

**വാക്യം 20.** ദൈവത്തിന്റെ ഉദ്ദേശം നിറവേറ്റുവാൻ എഫെസ്യർക്ക് ദൈവത്തിന്റെ ശക്തി ലഭ്യമാണെന്ന് പൗലൊസ് പറഞ്ഞപ്പോൾ, അവൻ ദൈവത്തെ സ്തുതിക്കുകയായിരുന്നു. **കഴിവുള്ള ഒരു ദൈവത്തെയാണ്** ഈ വാക്യം എടുത്തു പറയുന്നത്, അതേ പ്രയോഗം റോമർ 16:25 ലും യൂദാ 24 ലും കാണാം.

ലേഖനത്തിലുടനീളം ദൈവത്തിന്റെ കഴിവിനെ കുറിച്ചു പറഞ്ഞിരിക്കുന്നു. എഫെസ്യർക്കുള്ള പ്രാർത്ഥനയിൽ പൗലൊസ്, "വിശ്വസിക്കുന്നവരിൽ വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം" അറിയേണ്ടതിന്ന് യാചിക്കുന്നു (1:19). ആ പ്രാർത്ഥനക്കും ഈ പ്രാർത്ഥനക്കും 3:14-21 ലെ ദൈവത്തെ സ്തുതിക്കുന്നതിനുമിടയിൽ, ദൈവം എങ്ങനെയാണ് തന്റെ "ശക്തി" പ്രദർശിപ്പിച്ചത് എന്ന് കാണിച്ചു കൊടുത്തു.

"കഴിയുന്നവൻ" എന്നത് തർജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് ക്രിയ *ഡുനാമായി* എന്നാണ്, അർത്ഥം "കഴിയുക, ശക്തിയുള്ള, ഒരാളുടെ കഴിവിന്റെ ഗുണം"[13] എന്നിങ്ങനെയാണ്. ദൈവത്തിന്റെ ശക്തി അവനിൽനിന്നു തന്നെയാണ് വരുന്നത്. **അത്യന്തം പരമായി ചെയ്യുവാൻ കഴിയുന്ന** എന്നത് അക്ഷരികമായി, "എല്ലാറ്റിലും ഉപരിയായി, അത്യന്തം പരമായി" എന്നാണ്; നാം **ചോദിക്കുന്നതിലും നിനെക്കുന്നതിലും അധികമായി** ദൈവത്തിനു ചെയ്യുവാൻ കഴിയും; പൗലൊസ് ഉറപ്പിച്ചു പറയുന്നത് ഇതാണ്: ക്രിസ്ത്യാനികൾ പ്രാർത്ഥനയിൽ ആവശ്യപ്പെടുന്നത് ദൈവത്തിനു ചെയ്യുവാൻ കഴിയും; നാം പരാജയപ്പെട്ടാലും, നാം ചിന്തിക്കുന്നത് ദൈവത്തിനു ചെയ്യുവാൻ കഴിയും; നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ദൈവത്തിന് ചെയ്യുവാൻ കഴിയും; നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അതിരറ്റു പ്രവർത്തിക്കുവാൻ ദൈവത്തിനു കഴിയും.[14] നമുക്ക് ഊഹിക്കുവാൻ കഴിയുന്നതിനപ്പുറമായ ദൈവത്തിന്റെ ആ "ശക്തി" ഇപ്പോൾ **നമ്മിൽ വ്യാപരിക്കുന്നു.**

**വാക്യം 21.** മഹത്വം എന്ന വാക്കിനു മുൻപ് ഗ്രീക്കിൽ ആർട്ടിക്കിൾ ഉപയോഗിച്ചിരിക്കുന്നത് സൂചിപ്പിക്കുന്നത്, ആ മഹത്വം- "*ദ* ഗ്ലോറി" (എംഫസിസ് ആഡഡ്)- "അവൻ നിമിത്തം നമ്മിൽനിന്ന്."[15] വാക്യങ്ങൾ 14, 19, 20 അടക്കമുള്ള സന്ദർഭം വ്യക്തമാക്കുന്നത് പിതാവായ ദൈവമാണ് മഹത്വം സ്വീകരി

ക്കുന്നത് എന്നാണ്. "മഹത്വം" (*ഡോക്സാ*) അർത്ഥം "മഹത്വപ്പെടുത്തുക, അംഗീകരിക്കുക, ആദരിക്കുക, പുകഴ്ത്തുക,"[16] എന്നാണ്. ദൈവത്തിനു കടപ്പെട്ടിരിക്കുന്ന പുകഴ്ച്ച, ക്രിസ്തുവിന്റെ ശരീരമായ **സഭയിലാണ്** കൊടുക്കേണ്ടത് (1:22, 23), നിരപ്പ് പ്രാപിച്ചവരും (2:16), രക്ഷിക്കപ്പെട്ടവരുമാണ് (5:23). അത് അവന്റെ ഉദ്ദേശം സഭയിൽ നിറവേറ്റുവാനായി, തന്റെ ജനം ആരാധിക്കുമ്പോൾ, ഹൃദയങ്ങളിൽനിന്നാണ് സ്തുതി ഉയരേണ്ടത്. ആ പുകഴ്ച്ച സഭ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന പ്രതലത്തിൽ **ക്രിസ്തുയേശുവിലാണ്** നടത്തേണ്ടത്.

**എന്നേക്കും തലമുറതലമുറയായും** എന്നത് വ്യാഖ്യാതാക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ട്. "തലമുറകൾ" എന്നു പൗലൊസ് പറഞ്ഞതിന്റെ അർത്ഥം എന്താണ്? (സാധാരണ ആ കാലയളവിൽ ജീവിക്കുന്ന, ഒരുപക്ഷെ, മുപ്പതു-വർഷ കാലയളവായിരിക്കാം) "എന്നുമെന്നേക്കും" എന്നും യോജിപ്പിച്ചിരിക്കുന്നതോ? കാലം ഉള്ളേടത്തോളം ("എല്ലാ തലമുറകളിലും") നിത്യതയിലും ("എന്നും എന്നേക്കും") ദൈവജനമായ സഭ എപ്പോഴും അവനെ സ്തുതിക്കണം എന്നതാണ് പോയിന്റ്, അത് തന്റെ ഉദ്ദേശ നിവർത്തീകരണത്തിന് അവൻ ചെയ്തതെല്ലാമാണ്. "വസ്തുത എന്തെന്നാൽ മഹത്വം സഭയിലും ക്രിസ്തുയേശുവിലുമാണ് ചരിത്രത്തിലും നിത്യതയിലും കൊടുക്കേണ്ടതെന്ന് വായനക്കാർ ഉറപ്പിക്കുന്നതാണ് 'ആമേൻ' എന്ന വാക്ക്."[17]

**ആമേൻ** എന്ന വാക്കോടുകൂടെ പൗലൊസ് ലേഖനത്തിന്റെ ആദ്യപകുതി അവസാനിപ്പിക്കുകയാണ്. സഭയിലെ ക്രിസ്തുവിലുള്ള ദൈവത്തിന്റെ നിത്യമായ ഉദ്ദേശത്തെക്കുറിച്ചാണ് അവൻ എഴുതിയത്, ആ ഉദ്ദേശം ആഴമായി എഫേസ്യർ മനസിലാക്കുവാൻ അവൻ പ്രാർത്ഥിക്കുകയും, ആ ഉദ്ദേശം ദൈവം ആദ്യം ആരംഭിക്കുകയും, ഒരിക്കൽ മർമ്മമായിരുന്ന ദൈവത്തിന്റെ ആ ഉദ്ദേശം വെളിപ്പെടുത്തുകയും ചെയ്തു എന്നു പറഞ്ഞു. "ആമേൻ" എന്ന വാക്കോടുകൂടി ദൈവസ്തുതി അവസാനിപ്പിച്ച്, ദൈവോദ്ദേശം വായനക്കാരിൽ പ്രായോഗികമാക്കി, വിവിധ ബന്ധങ്ങളിൽ സഭ ഇപ്പോൾ ജീവിക്കേണ്ടത് എങ്ങനെ എന്നും കാണിക്കുന്നു. ആ ബന്ധങ്ങളാണ് എഫേസ്യ ലേഖനത്തിലെ രണ്ടാം പകുതി വിവരിക്കുന്നത്.

## പ്രായോഗികത

### ദൈവത്തിന്റെ ശക്തി ഒഴുക്കുന്നു (3:14–21)

പൗലൊസ് പ്രാർത്ഥിക്കുന്ന വ്യക്തിയായിരുന്നു. തന്റെ ലേഖനത്തിൽകൂടെ അവൻ പ്രാർത്ഥിക്കുന്നത് നമുക്കു കേൾക്കാം, അവന്റെ പ്രാർത്ഥനാ ജീവിതത്തിന്റെ ആഴം നമുക്കു മനസിലാക്കുവാനും കഴിയും.

അദ്ധ്യായം 3ന്റെ അവസാനത്തിലേക്കു വരുമ്പോൾ, ഈ ലേഖനത്തിൽ പൗലൊസ് രണ്ടാമതായി തന്റെ പ്രാർത്ഥനയുടെ ആവശ്യം പറയുന്നു. 1:15–23-ൽ മനസിലാക്കലിനെക്കുറിച്ച് അവൻ കരുതിയിരുന്നു; ഇവിടെ അതിന്റെ പ്രായോഗികത നൽകിയിരിക്കുന്നു. മുൻപ്, ദൈവമുമ്പാകെ എഫേസ്യരുടെ സ്ഥാനം മനസിലാക്കുവാൻ വേണ്ടിയാണ് അവൻ പ്രാർത്ഥിച്ചത്. ഇപ്പോൾ ആ സ്ഥാനത്തിൽ ലഭ്യമാകുന്ന ശക്തി അനുഭവിക്കേണ്ടതിനാണ് അവൻ പ്രാർത്ഥിക്കുന്നത്.

ഓരോ ക്രിസ്ത്യാനിയുടേയും ജീവിതത്തിൽ ആത്മീയ ശക്തി ദൈവം പ

കരുവാനായി പൗലൊസ് ആഗ്രഹിച്ചു (അക്ഷരികമായി, "അനുസരിച്ചു," "പുറത്തുള്ളത്") ദൈവത്തിന്റെ ധനത്തിൽ പെടാത്തത്. ദൈവം എത്ര ധനികനാണ്? നിങ്ങളുടെ ആവശ്യം എന്തായിരുന്നാലും അതിനപ്പുറം അവൻ ധനികനാണ്! ദൈവത്തിന് നമുക്കു വേണ്ട ആത്മീകമായ ശക്തി, പകർന്നു തരുവാൻ അവൻ തയ്യാറായിരിക്കുന്നു!

അവന്റെ ശക്തി പൂർണമായി നമ്മിലേക്കു പകരുവാൻ നാം എങ്ങനെയാണ് ദൈവത്തോട് സഹകരിക്കുക? പൗലൊസിന്റെ പ്രാർത്ഥനക്ക് ഉത്തരം നൽകുവാൻ ക്രിസ്തീയ ജീവിതത്തിൽ പല സ്വഭാവ വിശേഷതകൾ ഉണ്ടാകണം.

*സംഘട്ടനത്തെ നേരിടുവാനുള്ള ആന്തരിക ശക്തി (3:16).* സേവനത്തിന് ശക്തിയുണ്ടാകേണം എന്നായിരുന്നില്ല പൗലൊസ് ഇവിടെ പ്രാർത്ഥിച്ചത്. അത് പിന്നീട് വരും. മറിച്ച്, ആ ക്രിസ്ത്യാനികൾക്ക് സംഘർഷങ്ങൾ നേരിടുവാനുള്ള ശക്തി ലഭിക്കേണ്ടതിനായിരുന്നു. പൗലൊസ് പ്രാർത്ഥിച്ചത്. ആത്മീയ ജീവിതത്തിൽ യഥാർത്ഥമായ പോരാട്ടം പുറത്തുണ്ടാകുന്നതിനു മുമ്പ്, അകത്താണ് സംഭവിക്കുന്നത്.

ഈ പ്രശ്നത്തെ പൗലൊസ് ആദ്യം തന്നെ മനസിലാക്കിയിരുന്നു (റോമർ 7 നോക്കുക). തന്റെ ഉള്ളിലുള്ള മനുഷ്യൻ ശരിയായത് ചെയ്യുവാൻ ആഗ്രഹിച്ചു എങ്കിലും, ആഗ്രഹിക്കാത്ത തിന്മയാണ് അവൻ ചെയ്തത്. അവനിൽ ശരിയായ ആഗ്രഹം ഉണ്ടായിരുന്നു. എന്നാൽ ആ നേട്ടം കൈവരിക്കുവാനുള്ള ആന്തരിക ശക്തി ഇല്ലായിരുന്നു. അവൻ റോമർ 7:24, 25-ൽ പറഞ്ഞു, "അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ! ഈ മരണത്തിനു അധീനമായ ശരീരത്തിൽ നിന്നു എന്നെ ആർ വിടുവിക്കും? നമ്മുടെ കർത്താവായ യേശുക്രിസ്തുമുഖാന്തരം ഞാൻ ദൈവത്തിനു സ്തോത്രം ചെയ്യുന്നു!"

റോമർ 8-ൽ ആ സ്തോത്രം പറയുവാനുള്ള കാരണം അവൻ പറഞ്ഞിരിക്കുന്നു. ക്രിസ്ത്യാനികളുടെ ജീവിതത്തിൽ പരിശുദ്ധാത്മാവ് എങ്ങനെ പ്രവർത്തിക്കുന്നു എന്ന രഹസ്യം അവൻ മനസിലാക്കി: "ജഡത്തെയല്ല ആത്മാവിനെ അത്രേ അനുസരിച്ചു നടക്കുന്ന നമ്മിൽ ന്യായപ്രമാണത്തിന്റെ നീതി നിവൃത്തിയാകേണ്ടതിനു തന്നേ" (വാ. 4).

നാം ദൈവത്തിന്റെ ആത്മാവിനോട് പറ്റിച്ചേർന്ന് അവന്റെ വീര്യത്താൽ ശക്തി പ്രാപിക്കുന്നതു വരെ, നമ്മുടെ ആന്തരിക മനുഷ്യൻ പരാജയപ്പെട്ടുകൊണ്ടിരിക്കും. നാം വീണ്ടും ജനിച്ചപ്പോൾ, നമ്മിൽ ദൈവത്തിന്റെ ആത്മാവിനെ പകരുകയും (പ്രവൃ. 2:38) നമ്മുടെ ശരീരങ്ങൾ പരിശുദ്ധാത്മാവ് വസിക്കുന്ന മന്ദിരങ്ങളായി മാറുകയും ചെയ്യും (1 കൊ. 6:19). അവൻ നമ്മുടെ ഉള്ളിൽ വസിക്കുകയാണെങ്കിലും, നാം അവനോട് പറ്റിച്ചേരുന്നതിലുപരിയായി ശക്തി നമ്മിലേക്ക് പകരുകയില്ല.

നമ്മുടെ ജീവിതങ്ങളെ ബോധപൂർവ്വം ആത്മാവിന്റെ നിയന്ത്രണത്തിന് വിട്ടുകൊടുക്കുവാൻ കഴിയും? നമ്മുടെ മനസുകൾ അവന്റെ വചനത്താൽ നിറച്ച്, ആത്മാവിന്റെ കരകൃതമായ പ്രവൃത്തിക്കു വിധേയമാക്കണം. കൊലൊ. 3:16 പറയുന്നു, "ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടും കൂടെ നിങ്ങളിൽ വസിക്കട്ടെ ..." അനിനാൽ നമ്മുടെ ആത്മാക്കളെ നിറക്കണം. ദാവീദു പറഞ്ഞു, "ഞാൻ നിന്നോട് പാപം ചെയ്യാതിരിക്കേണ്ടതിനു നിൻേറ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു" (സങ്കീ. 119:11).

*ക്രിസ്തുവിനോടുള്ള ആഴമേറിയ ബന്ധം* (3:17). ക്രിസ്ത്യാനികൾ ആന്ത

രിക ശക്തി അനുഭവിക്കേണ്ടതിനു പൗലൊസ് പ്രാർത്ഥിക്കയും, അങ്ങനെ അവർക്ക് ജീവിതത്തിൽ മറ്റൊരു യാഥാർത്ഥ്യംകൂടെ ലഭിക്കുകയും ചെയ്യുന്നു.

തീർച്ചയായും, അവരുടെ ഹൃദയങ്ങളിൽ ക്രിസ്തു വന്നു കഴിഞ്ഞിരുന്നു, കാരണം പൗലൊസ് അവരെ "വിശുദ്ധന്മാർ" എന്നാണ് വിളിച്ചത് (1:1). ക്രിസ്തുവുമായിട്ട് അവർക്ക് ആഴത്തിലുള്ള ഒരു ബന്ധം ഉണ്ടാകുവാനാണ് അവൻ പ്രാർത്ഥിച്ചത്. ക്രിസ്തുവിനോടുള്ള കൂട്ടായ്മ അവർക്കുണ്ടാകുവാനും അങ്ങനെ അവൻ അവരുടെ ഹൃദയങ്ങളിൽ വസിപ്പാനും അവൻ ആഗ്രഹിച്ചു.

യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം *പ്രമാണിക്കും*; എന്റെ പിതാവും അവനെ സ്നേഹിക്കും; ഞങ്ങൾ അവന്റെ അടുക്കൽ വന്നു അവനോടുകൂടെ വാസം ചെയ്യും" (യോഹ. 14:23; എംഫസിസ് ആഡഡ്). യേശു നമ്മുടെ ഹൃദയങ്ങളിൽ വസിക്കുവാൻ അനുസരണം ആവശ്യമാണ്. അവിടെയാണ് അവന്റെ സിംഹാസനം ഇട്ട് അവൻ ഭദ്രമായി ഇരിക്കുന്നത്, അവൻ തന്റെ ശക്തി മുഴുവനായി ഉപയോഗിച്ച് തന്റെ പ്രജകളെ വാഴുന്നത് അങ്ങനെയാണ്.

*മറ്റുള്ളവരോടുള്ള സ്നേഹം* (3:17-19). ദൈവ സ്വഭാവത്തിന്റെ മുഖമുദ്രയാണ് സ്നേഹം. നമ്മുടെ ജീവിതങ്ങളെ ഭരിക്കുവാൻ ക്രിസ്തു നമ്മുടെ ജീവിതങ്ങളിൽ വസിക്കുമ്പോൾ നാം അവന്റെ സ്നേഹം മറ്റുള്ളവരോട് കാണിക്കും. നമ്മുടെ കൂട്ടുകാരോട് സത്യം സംസാരിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നത് ഈ സ്നേഹമാണ്. ലൈംഗീക അധാർമ്മികത്വം ക്രിസ്ത്യാനി ഒഴിവാക്കുന്നത് ആ സ്നേഹം നിമിത്തമാണ്. ഭാര്യ ഭർത്താവിന് സകലത്തിലും കീഴ്പ്പെടുവാൻ അവളെ പ്രേരിപ്പിക്കുന്നത് സ്നേഹം നിമിത്തമാണ്, അതേ സ്നേഹമാണ് തന്റെ സ്വന്ത ശരീരത്തെപോലെ കണക്കാക്കി അവൾക്കായി ഭർത്താവ് കരുതുന്നതും.

നാം ക്രിസ്ത്യാനിയാണെന്നു പറയുകയും, നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാനം സ്നേഹമല്ലാതിരിക്കുകയും ചെയ്താൽ, ക്രിസ്തു നമ്മുടെ ഹൃദയങ്ങളിൽ വസിക്കുകയില്ല. ഗലാത്യർ 5:22, 23 പറയുന്നത്, നാം ആത്മാവിനെ അനുസരിച്ച് നടന്നാൽ, നമ്മുടെ ജീവിതത്തിൽ ചില ഫലങ്ങൾ അവൻ പുറപ്പെടുവിക്കും-അതിൽ ഒന്നാമതായി പറഞ്ഞിരിക്കുന്നത് സ്നേഹമാണ്. നമ്മുടെ ഹൃദയങ്ങളിൽ യേശുവിന് സ്ഥാനമുള്ളപ്പോൾ, അവന്റെ സ്നേഹം നമ്മുടെ ചിന്തകളിലും, വാക്കുകളിലും, പ്രവൃത്തികളിലും പ്രകടമാകും.

നാം സ്നേഹത്തിൽ വേരൂന്നി വളരുമ്പോഴാണ് ക്രിസ്തുവിന്റെ സ്നേഹത്തിന്റെ അളവ് എത്രമാത്രമാണെന്ന് നാം മനസിലാക്കുന്നത്. ക്രിസ്തുവിന്റെ സ്നേഹത്തിൻെറ വീതി എത്രയാണ്? അത് എല്ലാവരേയും ഒന്നിപ്പിച്ച് ആലിംഗനം ചെയ്യാവുന്ന അത്ര വീതിയിലാണ്. അവന്റെ സ്നേഹത്തിന്റെ നീളം എത്ര? അത് കഴിഞ്ഞ കാല നിത്യതയിൽ ആരംഭിക്കുകയും ഭാവി നിത്യതയിൽ തുടരുകയും ചെയ്യുന്നു; അതിനു ഒരിക്കലും അവസാനമില്ല. അവന്റെ സ്നേഹത്തിന്റെ ആഴമെത്ര? പാപത്തിന്റെ അഗാധതയിൽ നിന്ന് പാപിയെ ഏറ്റവും വലിയ അവസ്ഥയിലേക്ക് ഉയർത്തത്തക്ക ആഴം അതിനുണ്ട്. അവന്റെ സ്നേഹത്തിന്റെ ഉയരമെത്ര? പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്ന ക്രിസ്തുവിനോടുകൂടെ സ്വർഗ്ഗത്തിൽ കയറ്റി ഇരുത്തുന്നത്ര ഉയരമുണ്ട്.

ക്രിസ്തുവിന്റെ സ്നേഹത്തോട് എത്തുവാൻ കഴിയാത്ത ആരുമില്ല. അത്തരം സ്നേഹം നാം അനുഭവിക്കുമ്പോൾ, ദൈവീക ശക്തി നമ്മുടെ ജീവിതത്തിലേക്ക് പകരുവാൻ നാം അടുക്കുകയാണ്!

*ദൈവത്താൽ നിറയൽ* (3:19). എത്ര അവിശ്വസനീയമായ വാക്കുകൾ! എല്ലാവരിലും നിറയുവാൻ ആഗ്രഹിക്കുന്ന ദൈവം നമ്മിൽ എല്ലാം നിറക്കുവാൻ ആഗ്രഹിക്കുന്നു ... അവൻ വന്നു നമ്മിൽ വസിപ്പാൻ ആഗ്രഹിക്കുന്നു! അവന്റെ മനോഗുണങ്ങൾ, അവന്റെ സ്വഭാവങ്ങൾ, അവന്റെ വ്യക്തിത്വം നമ്മിൽ നിറക്കുവാൻ അവൻ ആഗ്രഹിക്കുന്നു.

നാം യേശുവിനാൽ നിറയപ്പെടുമ്പോൾ, ദൈവത്തിന്റെ എല്ലാ നിറവും നമ്മിൽ വരുന്നു. ദൈവം സ്നേഹമാകയാൽ, ക്രിസ്ത്യാനിയും ദൈവത്താൽ നിറയപ്പെടുമ്പോൾ സ്നേഹം പ്രകടിപ്പിക്കുന്നു. ദൈവം കരുണയുള്ളവനാകയാൽ, ക്രിസ്ത്യാനിയിൽ ദൈവത്തിന്റെ നിറവ് അനുഭവിച്ചു അവൻ മറ്റുള്ളവരോട് കരുണ കാണിക്കുന്നു. ദൈവം വിശുദ്ധനാകയാൽ ക്രിസ്ത്യാനി ദൈവത്താൽ നിറഞ്ഞ് അവന്റെ ദൈനന്തിന ജീവിതത്തിൽ ദൈവ ഭക്തിയും വിശുദ്ധിയും പ്രകടിപ്പിക്കുന്നു.

ദൈവത്തിന്റെ സമ്പൂർണത നാം അനുഭവിക്കുന്നതിന്റെ അർത്ഥമാണ് നമ്മിലുള്ള ദൈവത്തിന്റെ ഗുണങ്ങൾ, ക്രിസ്തുവിന്റെ ശരീരം എന്ന നിലക്ക് ലോകത്തിൽ ദൈവം ആരാണെന്ന് അങ്ങനെ നമുക്ക് കാണിച്ചു കൊടുക്കുവാൻ കഴിയും. അഭക്തിയുള്ള സമൂഹത്തിന് യേശുവിന്റെ പ്രതിബിംബത്തെ കാണിച്ചു കൊടുക്കേണ്ടതിനു ദൈവം തന്റെ ശക്തി നമ്മളിൽ പകരുന്നു.

*നമ്മുടെ ജീവിതത്തിനു വേണ്ട ശക്തി* (3:20). ഓരോ ക്രിസ്ത്യാനിയിലും ലഭിക്കുന്ന ദൈവത്തെയും അവന്റെ ശക്തിയേയും എത്രത്തോളം വിവരിക്കാമോ അത്രത്തോളം പൗലൊസ് വിവരിച്ചിരിക്കുന്നു.

> ഇപ്പോൾ ചെയ്യുവാൻ കഴിയുന്നവന് ...
>
> നാം ചോദിക്കുന്നതിലധികം ... ചെയ്യുവാൻ കഴിയുന്ന[വന്] ...
>
> ഇപ്പോൾ നാം ചോദിക്കുന്നതിലും നിനക്കുന്നതിലും അധികമായി ... ചെയ്യുവാൻ കഴിയുന്ന[വന്]
>
> ഇപ്പോൾ നാം ചോദിക്കുന്നതിലും നിനക്കുന്നതിലും പരമായി ... ചെയ്യുവാൻ കഴിയുന്നവന് ...
>
> ഇപ്പോൾ നാം ചോദിക്കുന്നതിലും നിനക്കുന്നതിലും അത്യന്തം പരമായി നൽകുവാൻ കഴിയുന്നവന് ...
>
> ... നമ്മിൽ പ്രവർത്തിക്കുന്ന ശക്തിക്കനുസരിച്ച്.

നമ്മുടെ സ്വന്ത ബലത്താലോ ശക്തിയാലോ നടക്കുവാനല്ല ദൈവം പറഞ്ഞിരിക്കുന്നത്. നമ്മെ തിരഞ്ഞെടുത്ത് വീണ്ടെടുത്ത് മുദ്രയിട്ടിരിക്കുകയാണ്, നമ്മെ ആത്മീയ മരണത്തിൽ നിന്ന് ഉയർപ്പിച്ച് അവന്റെ വലത്തു ഭാഗത്ത് ഇരുത്തിയിരിക്കുന്നവൻ നമ്മുടെ ജീവിതത്തിൽ ആവശ്യമായ ശക്തി നൽകി പൂർത്തീകരിക്കുവാൻ സഹായിക്കും. അതിന് പരിധിയില്ല! നമ്മുടെ ജീവിതതത്തിലുള്ള അവന്റെ ശക്തി ക്ഷീണിച്ചു പോകയുമില്ല.

*ഉപസംഹാരം*. ഉതിർന്നു പോകാത്ത അവന്റെ ശക്തി നമ്മിൽ പകരുന്നത്

എന്തിനു വേണ്ടിയാണ്? “സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തല മുറ തലമുറയായും മഹത്വം ഉണ്ടാകട്ടെ. ആമേൻ” (3:21). നാം അവനെ മഹ ത്വപ്പെടുത്തുവാൻ ദൈവം ആഗ്രഹിക്കുന്നു. അവൻ വാസ്തവത്തിൽ എത്ര വലിയവനും നല്ലവനും ആണെന്ന് ആളുകൾ കാണുവാൻ ദൈവം ആഗ്രഹി ക്കുന്നു. സഭയുടെ ജീവിതത്തിൽ പ്രവൃത്തിക്കുന്നത് കാണുമ്പോൾ മഹത്വം അവന്റേതാണെന്ന് തിരിച്ചറിയണം.

ക്രിസ് ബുള്ളാർഡ്

---

കുറിപ്പുകൾ

[1]ഏതെൽബെർട്ട് ഡബ്ലിയു. ബെല്ലിഞ്ചർ, *എ ക്രിട്ടിക്കൽ ലക്സിക്കൻ ആന്റ് കൺകോർഡൻസ് ടു ദ ഇംഗ്ലീഷ് ആന്റ് ഗ്രീക്ക് ന്യു ടെസ്റ്റമെന്റ്* (ലണ്ടൻ: സാമുവേൽ ബാക്സ്റ്റർ ആന്റ് സൺസ്, എൻ. ഡി.; റിപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, റീജൻസി റഫറൻസ് ലൈബ്രറി, 1975), 836. [2]ഇബിഡ്., 769. [3]കെന്നത്ത് എസ്സ്. *വൂവെസ്റ്റ്, വൂവെസ്റ്റ്സ് വേർഡ് സ്റ്റഡീസ് ഫ്രം ദ ഗ്രീക്ക് ന്യു ടെസ്റ്റ്മെന്റ് ഫോർ ദ ഇംഗ്ലീഷ് റീഡർ: എഫെഷ്യൻസ് ആന്റ് കൊലൊ ഷ്യൻസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി ഏർഡ്മാൻസ് പബ്ലിഷിങ് കമ്പ നി. 1953), 88. [4]എസ്. ഡി. എഫ്.സാൽമണ്ട്, “ദ എപ്പിസ്റ്റൽ ടു ദ എഫെഷ്യൻസ്,” ഇൻ *ദ എകസ്പോസിറ്റേഴ്സ് ഗ്രീക്ക് ന്യു ടെസ്റ്റമെന്റ്*, എഡി. ഡബ്ലിയു. റോബർട്ട്സൺ നി ക്കോൾ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1967), 3:314. [5]ആൻഡ്ര്യൂ ടി. ലിങ്കൺ, *എഫെഷ്യൻസ്*, വേർഡ് ബിബ്ലിക്കൽ കമന്ററി, വാല്യം. 42 (ഡള്ളാസ്: വേർഡ് ബുക്ക്സ്, 1990), 206. [6]ബല്ലിഞ്ചർ, 347. [7]ഇബി ഡ്., 175. [8]ലിങ്കൺ, 208–14. [9]ബല്ലിഞ്ചർ, 436. [10]ലിങ്കൺ, 214.

[11]വൂവെസ്റ്റ്, 90. [12]ലിങ്കൺ, 213. [13]സ്പിറോസ് സോദിയേറ്റ്സ്, എഡി., *ദ കംപ്ലീറ്റ് വേർഡ് സ്റ്റഡി ന്യു ടെസ്റ്റമെന്റ്*, 2 ഡ് എഡി. (ചാറ്റനൂഗാ, ടെന്ന.: ഏഎംജി പബ്ലിഷേ ഴ്സ്, 1992), 907. [14]ലിങ്കൺ, 216. [15]ആർ. സി. എച്ച്. ലെൻസ്കി, *ദ ഇന്റർപ്രെട്ടേഷൻ ഓഫ് സെന്റ്. പോൾസ് എപ്പിസ്റ്റിൽസ് ടു ദ ഗലേഷ്യൻസ്, ടു ദ എഫെഷ്യൻസ് ആന്റ് ടു ദ ഫിലിപ്പിയൻസ്* (കൊളംബസ്, ഒഹിയോ: വാർട്ട്ബർഗ് പ്രസ്, 1946; റീപ്രി ന്റ്, മിന്നെപൊലിസ്: ആഗ്സ്ബർഗ് പബ്ലിഷിങ് ഹൗസ്, 1961), 500. [16]സോദിയേറ്റ്സ്, 907. [17]ലിങ്കൺ, 218.